നമ്പർ എച്ച്2/42500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 10.07.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - അധ്യാപക ബാങ്ക് 2018-19 - സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം - വിവരശേഖരണം സംബന്ധിച്ച്.

സൂചന : 1. ഈ കാര്യാലയത്തിൽ നിന്നുള്ള 16.06.2017 ലെ പരിപത്രം നമ്പർ എച്ച്2/21500/2018/ഡി.പി.ഐ

2. ഈ കാര്യാലയത്തിൽ നിന്നുള്ള 04.07.2018 ലെ ഇതേ നമ്പർ കത്ത്

2018-19 ലെ തസ്തിക നിർണയം എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും പൂർത്തിയായതായി ഇവിടെ ലഭിച്ച റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നു.

ഇനി അവശേഷിക്കുന്നത് സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസമാണ്. അതിനുള്ള വ്യക്തമായ മാർഗനിർദേശങ്ങൾ സൂചന (2) ലെ കത്ത് വഴി നൽകിയിരുന്നു. അതു സംബന്ധിച്ച പ്രവർത്തനങ്ങളും നിർദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കണം.

2016 ലെ കെ.ഇ.ആർ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള ഒഴിവുകളിലേക്കുള്ള പുനർവിന്യാസം ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് ഉള്ളതിനാൽ ഇപ്പോൾ നടത്താനാവില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. സർക്കാർ സ്കൂളുകളിൽ പി.എസ്.സി വഴി നിയമനം നടത്താത്ത ഒഴിവുകളിലും, പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത വിഷയങ്ങളിൽ (എച്ച്.എസ്.റ്റി (മലയാളം), എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) ഒഴികെ) ഉള്ള ഒഴിവുകളിലും ഒക്കെ മാത്രമാണ് ഇപ്പോൾ പുനർവിന്യാസം സാധ്യമാകുന്നത്. ജില്ലയ്ക്കുള്ളിൽ തന്നെ അത്തരം പരമാവധി ഒഴിവുകൾ കണ്ടെത്തി അവരെ താൽക്കാലികമായി പുനർവിന്യസിക്കുക. ഹൈക്കോടതിയുടെ അന്തിമവിധിക്കനുസൃതമായി ഈ അധ്യാപകരുടെ സ്ഥിരം പുനർവിന്യാസത്തിന്റെ കാര്യം തീരുമാനിക്കാം.

ഈ കത്തിനോടൊപ്പം രണ്ട് പ്രൊഫോർമകളുണ്ട്. പ്രൊഫോർമ I ലെ 3-ാം കോളത്തിൽ ജില്ലയിലെ ആകെ സംരക്ഷിത ജീവനക്കാരുടെ (നിലവിലുള്ളത് + 2018-19) എണ്ണമാണ് എഴുതേണ്ടത്. 4, 5 കോളങ്ങളിൽ പുതുതായി പുനർവിന്യാസം നൽകേണ്ടവരുടെ കാര്യമാണ് എഴുതേണ്ടത്. പ്രൊഫോർമ II ൽ ജില്ലയിലെ പുനർവിന്യാസം കഴിഞ്ഞ് അവശേഷിക്കുന്ന ഒഴിവുകളുടെ വിവരം രേഖപ്പെടുത്തുക.

രണ്ട് പ്രൊഫോർമകളും ശരിയായി പൂരിപ്പിച്ച് 11.07.2018 ഉച്ചയ്ക്കുമുമ്പ് hsectiondpi@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കുക. അവ ഇന്നു തന്നെ അയക്കാൻ കഴിയുമെങ്കിൽ വളരെ നല്ലത്.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി